പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2069 15-07-2011-ൽ മറുപടിക്ക്

കന്നട ഭാഷാ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ
കോളേജുകളിൽ സംവരണം

---

ചോദ്യം
ശ്രീ.പി.ബി.അബ്ദുൾ റസാക്:

ഉത്തരം
പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസവകുപ്പുമന്ത്രി)

| | |
|---|---|
| എ) കേരളത്തിലെ കന്നട ഭാഷാ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് കർണ്ണാടക സർക്കാർ പ്രൊഫഷണൽ കോഴ്സുകൾക്ക് നിശ്ചിത ശതമാനം റിസർവേഷൻ നൽകി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ശ്രദ്ധയിൽപെട്ടിട്ടില്ല. |
| ബി) സംസ്ഥാനത്ത് കന്നട ഭാഷാ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് പ്രൊഫഷണൽ കോഴ്സുകളിൽ സംവരണം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ? | ബി) സംസ്ഥാനത്ത് ബി.എഡ്. പ്രവേശനത്തിന് തലശ്ശേരി ഗവ.കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ കാസർഗോഡ് താലൂക്കിൽ ഉൾപ്പെട്ട കന്നട ഭാഷാന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് 20 സീറ്റ് സംവരണം ചെയ്തിട്ടുണ്ട്. എസ്.എസ്.എൽ.സി. തലത്തിൽ കന്നട ഒരു ഭാഷയായി പഠിച്ചവർക്കും, മാതൃഭാഷ കന്നടയാണെന്ന് വില്ലേജ് ഓഫീസർ സർട്ടിഫൈ ചെയ്യുന്നവർക്കുമാണ് ഈ ആനുകൂല്യം നൽകുന്നത്. മറ്റ് പ്രൊഫഷണൽ കോഴ്സുകൾ സംബന്ധിച്ച് തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ